രുന്നതുകൊണ്ടോ അതോ ഈ സംഗതി ഗവണ്മെൻറിലേക്കു റിപ്പോർട്ടു ചെയ്യാതിരുന്നതുകൊണ്ടോ എന്തോ ഈയാണ്ടിൽ ഈ റോഡ് പണിയിക്കുന്നതിനുള്ള തുക കൊള്ളിച്ചിട്ടില്ല. തിരുവിതാംകൂറിൻെറ വടക്കേ അറ്റത്തെ ഉദ്യമമാണ് മുന്നമ്പം. അവിടേക്കു ഒരു റോഡുണ്ടാകേണ്ടതു ഏറ്റവും അത്യാവശ്യമാണു. വേലിയേറ്റസമയത്തു ഏകദേശം ഒരു കോൽ പൊക്കത്തിൽ വെള്ളമാണു ആ വഴിയിൽ ഉണ്ടാകുന്നതു്. അതുകൊണ്ടു എത്രയും വേഗത്തിൽ ഈ റോഡിൻെറ പണി പൂർത്തിയാക്കിത്തരണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. I. C. CHACKO: Sir, this road has been improved in the first mile, *i. e.*, from Parur to Vadakkekara and that portion is now fit for carts. The remaining 24 miles from Vadakkekara is a village-path maintained with a grant of Rs. 20 per mile. An estimate for the improvement of the road has been prepared. For the acquisition of the land, the cost comes to Rs. 7,000, and for the raising of the road the cost comes to Rs. 5,000 and including the construction of culverts and bridges the total cost will be about Rs. 30,000/—. The P. W. D. Advisory subcommittee members who visited the locality have not included that road in this year's programme of work. They considered that some other roads were more important and excluded this road from the list. In view of the heavy cost that would entail and in view of the more urgent and important works to be completed, this road is not taken up now.

The resolution, by leave, was withdrawn.

Publication of Statistics of Appointments

MR. K. P. KOCHUKORATHARAKAN: Sir, I beg to move the following resolution:—

This Assembly recommends to Government that they may be pleased to enable the public, to ascertain whether the number of appointments given to each community has increased or decreased as a result of the appointment of the Public Service Commissioner, by publishing immediately in the Government Gazette, a statement, by caste, of all Government servants in each grade and department at the time when the Public Service Commissioner was appointed and after three years of his functioning.

സർ, ഏതാണ്ടു മൂന്നുലക്ഷം രൂപയോടടുത്തു് ഗവണ്മെൻറിൽ നിന്നും ചെലവുചെയ്തു, അസമത്വസമുദായങ്ങളുടെ അനേകനാളത്തെ മുറവിളിയുടെ ഫലമായി ഗവണ്മെൻറു് ഒരു പബ്ലിക്ക്സർവീസ് കമ്മീഷണറെ നിയമിച്ചു. എന്നാൽ അദ്ദേഹത്തിൻെറ മുന്നു കൊല്ലത്തെ പ്രവർത്തനത്തിനുശേഷം സംഗതികൾ പഴയ കരിമ്പനമലയിൽ കയറിയ തുപോലെയായിരിക്കുന്നു എന്നാണു പൊതുജനങ്ങൾ വിശ്വസിക്കുന്നതു്. ഗവണ്മെൻറു, പബ്ലിക്ക്സർവീസ് കമ്മീഷണർ നടത്തുന്ന നിയമനങ്ങളിലൂടെ ജാതിയും ശ്രേയിഡും തിരിച്ചുള്ള ഒരു പട്ടിക കഴിഞ്ഞ മുന്നു കൊല്ല

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukoratharakan]

ത്തേതു പ്രസിദ്ധപ്പെടുത്തണമെന്നു പലനാൾ പറഞ്ഞിട്ടും ഇതുവരെ അങ്ങനെ ചെയ്തിട്ടില്ല. എതുയെതു സമുദായങ്ങൾക്കു എതു നിയമനങ്ങൾ വീതം കിട്ടിയിട്ടുണ്ടു്. മൻപുണ്ടായിരുന്ന നിയമനങ്ങൾ ഏതേതു സമുദായങ്ങളിൽനിന്നും എതു വിധമായിരുന്നു, ഇപ്പോൾ എതുയുണ്ടു് എന്നും മറുമുള്ള ഒരു കണക്കു പ്രസിദ്ധപ്പെടുത്തിയിരുന്നു എങ്കിൽ ഒരു സമുദായത്തിനും തെറ്റിധാരണക്കു ഇടവരുകയില്ലായിരുന്നു. ഗവണ്മെൻറു പബ്ളിക്ക് സർവീസ് കമ്മീഷണരുടേയൊ അല്ലെങ്കിൽ മറുള്ളവരുടേയൊ തോന്നിവാസംപോലെ കാര്യങ്ങൾ നടന്നുകൊള്ളട്ടേ എന്നു വിചാരിച്ചിരിക്കയാണോ എന്നുപോലും സംശയിക്കാൻ വകയുണ്ടു്. മേലാലെങ്കിലും ഇങ്ങനെയുള്ള പരാതികൾ ഉണ്ടാകാതിരിക്കത്തക്ക വിധത്തിൽ ആണ്ടു് അരംഭത്തിൽ മുന്നാണ്ടിലെ പബ്ളിക്ക് സർവീസ് കമ്മീഷണർ നടത്തിയ നിയമനങ്ങൾ എതു എന്നും അതിൽ ഇന്നയിന്ന സമുദായങ്ങൾക്കു ലഭിച്ചിട്ടുള്ള നിയമനങ്ങൾ എതു എന്നും, മുന്നാണ്ടു് ആണ്ടവസാനത്തിൽ ഉള്ള നിയമനങ്ങളുടെ കണക്കുകൾ മുതലായവയെ വിവരിച്ചുകൊണ്ടുള്ള ഒരു സ്റ്റേറുമെൻറു് പരസ്യം ചെയ്യണമെന്നു ഗവണ്മെൻറിനെ ഉദ്ബോധിപ്പിക്കുന്നതിനാണ് ഈ പ്രമേയം കൊണ്ടുവന്നതു്. ഈ അസംബ്ളിയിൽ ഓരോ തവണയും ഇത്തരത്തിലുള്ള ഒരു സ്റ്റേറുമെൻറു് ആവശ്യപ്പെടുമ്പോൾ അതിനുവേണ്ടിവരുന്ന സമയവും ചിലവും പരിഗണിക്കുമ്പോൾ അതുകൊണ്ടുണ്ടാകുന്ന പ്രയോജനം കേവലം തുച്ഛമാണെന്നുള്ള കാരണം പറഞ്ഞു ഉത്തരം തരാതെ ഇരിക്കയാണു് പതിവു്. അവനവന്റെ സമുദായത്തിൽപെട്ട അംഗങ്ങൾക്കു പബ്ളിക്കുസർവീസ് കമ്മീഷണരുടെ നിയമനംകൊണ്ടു് കൂടുതൽ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടോ എന്നു അറിയുന്നതിനുള്ള ഒരു ഉൽകണ്ഠകൊണ്ടാണ് ഇതുയും ചോദ്യങ്ങൾ ചോദിക്കുന്നതു്. പബ്ളിക്ക് സർവീസ് കമ്മീഷണർ നടത്തിയ നിയമനങ്ങളുടെ ഒരു കണക്കു എതാണ്ടു് ആക്കം വേണ്ടവിധം മനസിലാകാത്തവിധം ഗസറിൽ പരസ്യപ്പെടുത്തുന്നുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അതും പൂർണ്ണമല്ലെന്നു മാത്രമല്ല ആവശ്യത്തിനു മതിയാകാത്തതുമാണു്. അതുകൊണ്ടു് പൊതുജനങ്ങളുടെ ആകാംക്ഷയെ തൃപ്തിപ്പെടുത്തുന്നതിനും അസമത്വസമുദായങ്ങളുടെ ആഗ്രഹത്തെ പാലിക്കുന്നതിനും എല്ലാ സമുദായങ്ങൾക്കും അവനവന്റെ കോട്ടാ എന്താണെന്നും അതനുസരിച്ചു് ഓരോ സമുദായത്തിനും എതു കൂടുതൽ കുറവു് നിയമനങ്ങൾ വീതം ഓരോ കൊല്ലവും കിട്ടിയിട്ടുണ്ടെന്നും അറിയത്തക്ക ഒരു സ്റ്റേറുമെൻറു് ആണ്ടുതോറും ഗവണ്മെൻറു പരസ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തണമെന്നും പബ്ലിക്ക് സർവീസ് കമ്മീഷണരെ നിയമിച്ച കാല ത്തേയും നിയമിച്ച മുന്നുകൊല്ലത്തെ പ്രവർത്തനം കഴിഞ്ഞപ്പോഴത്തേയും പബ്ലിക്ക് സർവീസിലെ ഉദ്യോഗസ്ഥന്മാരുടെ ജാതിയുടെ ഗ്രെയിഡു തിരിച്ചുള്ള ഓരോ വിവരപ്പട്ടിക കഴിയുന്നതും വേഗത്തിൽ ഗവണ്മെൻറു ഗസറ്റിൽ പരസ്യപ്പെടുത്തണമെന്നും മേലാൽ ഞാൻ മുകളിൽ പറ ഞ്ഞിരിക്കുന്നതുപോലെ ഓരോ കൊല്ലത്തെയും നിയമനവിവരങ്ങൾ അടു ത്തകൊല്ലത്തിന്റെ ആരംഭത്തിലും പരസ്യപ്പെടുത്തണമെന്നും അപേ ക്ഷിക്കുന്നു.

MR. K. KUNJU PANICKAR: Sir, the Public Service orders came into existence after much agitation within this House and outside. The present orders which are brought into existence are fairly satisfactory from the stand poit of the backward classes and nonprivileged communities, who were at a disadvantage when there was no such arrangement. But the present complaint is that, though there is such an arrangement for equitable distribution of places to the backward communities and the nonprivileged classes, there are so many wonderful methods utilised to outwit them and prevent them from getting the places provided for them in the arrangement. As a matter of fact, as you know very well, Sir, most of the backward communities are not in a position even to ascertain from reliable sources the sort of vacancies which may occur in the near future. They have no access to the places from which reliable information can be obtained. Unless some arrangement is made by Government for making this information public, those people who are residing away from the centre of administration who are not familiar with their tangles cannot even know the places to which they are entitled to apply and where they need not apply for them. I understand that there are certain places, to which Ezhavas should have been selected, which lie vacant now, because there were no applicants from among Ezhavas, though as a matter of fact I know that there are very many young men among Ezhavas who are qualified and whoyearn to get some place. They did not know that there were such places to be filled up. They have their right. To get the information is the essential thing required in these matters. Even when the communities which are backward are vigilant in the matter of certain appointments, they cannot provide sufficient number of candidates. For example, in the matter of technical examination in the Engineering and Medical courses candidates with special qualifications are required. Sir, after the Public Service Recruitment arrangement has come into force, we have the University of Travancore also started. It is an autonomous body. As its constitution is formulated at present, the backward communities have no scope for influencing the Syndicate or the Senate so that their special drawbacks may be brought to the notice of the University authorities, with the result that in due course, though there is a favourable Public Service Recruitment arrangement, it may be found that qualified hands from the backward communities are lacking. For, in the University, unless

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kunju Panickar.]

a special minimun is fixed as qualification for selection of the candidates for different courses of study, there is no chance for the backward communities to get places for training in the technical courses. The privileged communities which started their education earlier have secured an initial advantage in education and they have any number of students who have obtained first and second classes in examinations. By a long course of training and by tradition they know the secrets of getting the highest marks and in what all ways they should prepare themselves in order to get a very high rank in the examination. All the secrets to get higher marks in the examination, are unknown to the students of the backward communities. Even when in the intellectual calibre the students of the backward communities may be at a par with the students of the privileged classes, on account of certain special disadvantages the former may not take high places in the examinations. That is the difficulty confronting the backward classes. What is given with the right hand is being taken away with the left hand, by the university technics. If there is no provision specially made to choose candidates from the backward communities with a minimum qualification fixed for technical education in the University courses, there is no safety for the backward classes in the Public Service also. Considering all these things, I am of opinion that the best course for safeguarding the interests of the people who are backward now in the Public Services, is to have a proper advertisement of the places which may be filled up in the near future, and the sort of qualifications which may be expected of the candidates. Unless the Government and the University authorities and the authorities who have got power of appointment or making promotions show sympathy and consideration towards these backwards class people, they cannot come up; and their grievances will survive for a long time to come. I beg to emphasise that there should be a change of attitude, a mental change, a change of heart, a deeply sympathetic disposition on the part of the persons who are placed in an advantageous position, towards poor backward class candidates, to have their position also safeguarded. The object of those who are in an advantageous position should not be to see that as many places as possible are secured for themselves outwitting the poor people who were held down as a government policy of the State. Nothing will be secured to keep the general interest thereby. On the other hand much of bad blood will be roused. The communal harmony will vanish. The Present misunderstanding will continue for a long time to come unless a deliberate policy is adopted and sincerely worked out for its achievement by the people who are in an advantageous position and who are wielding power. So, in all these things even the publication of the information, I beg to submit, will not be enough. There should be a sincere descrimination on the part of the authorities who are in power to see that they give scope for no complaint hereafter. The privileged class should mete out justice, by their equitable attitude of equitable dealing towards their brethren of the backward classes. Only thus can this sort of grievance vanish from this State. When the general grievances of the land confronting us are taken in-

LIBRARY ARCHIVES Kerala Legislative Assembly

to consideration, this is a petty thing. This squable for places in the public services is a petty thing. But that has a place in the scheme of things in the State, because certain communities are left low in the scale of human status, in the social life. By the places secured in the public services, by tradition, we find that the communities holding places in the public service has a sort of superiority by that force alone and those who have no chance of getting places in the public service have got a sort of inferiority complex. It is manifested by the sort of treatment meted out to them by other communities as well. So, though it is a small thing in the wider economic programme which confronts us, due weight cannot but be given to these things also. By the solution of public service only, can we solve with a united front the wider economic difficulties and other general grievances of the land Hence with that wider outlook and with that higher ideology and with the prosperity of whole State in view, all the parties concerned should deal with this question. I appeal once again to those persons and to those communities who command influence in the State that they should as the elder brethren and as persons who know things better and who can guide their younger brethren, should show a fair attitude, should deal with their poor brethren with kindness and equity. Then only will this land, though it is prosperous in several ways by nature's gift and other wise, go on with full prosperity holding its due place under its great ruler. With these words I support the resolution before the House.

(At this stage the President vacated the chair and the Deputy-President occupied it)

MR. KOTTALIL P. ABRAHAM: Sir, I wish to make a few observations regarding the resolution before the House. The resolution demands publication immediately in the Government Gazette of a statement, by caste of all Government servants in each grade and department at the time when the Public Service Commissioner was appointed and after three years of his functioning. Now, the first Public Service Commissioner was appointed more than three years ago and after his functioning as the Public Service Commissioner for three years we have been supplied with a report of his work. Therein we get certain statistics and the principles which were worked by him. For removing the defects found in them, a new set of recruitment rules was framed and they are now in force. Now, this resolution wants firstly to have a statement of matters as they stood at the time when the first Public Service Commissioner was appointed. The second statement required relates to the state of affairs at the end of the three years of that Public Service Commissioner's functioning. Putting these two statements together I am afraid no useful purpose will be served If the resolution were to the effect that similar statistics should be supplied from the date when the new public service recruitment rules came into force, that would have been then of some use to understand and compare matters in a way which will be helpful for the settlement of the communal claims. How these statistics could be made use of have been explained by the mover of the resolution and the honourable member who supported him. I have no quarrel with those things. My only point is that the resolution, as such, if carried, may not serve the purpose intended by the resolution.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA THARAKAN : ഇപ്പോഴത്തെ പബ്ളിക്ക് സർവീസ കമ്മീഷണരുടെ പ്രവത്തനംകൊണ്ട് യാതൊരു ഗുണവും ഉണ്ടാകുന്നില്ലെന്ന സ്റ്റേറുമെൻറിൽനിന്നും വന്നകഴിഞ്ഞാൽ പിന്നാട്ട് അതിനു പരിഹാരമുണ്ടാക്കുവാൻ കഴിയുന്നതല്ലേ?

MR. KOTTALIL P. ABRAHAM : കഴിയുമായിരിക്കും.

MR. K. R. NARAYANAN : സർ, ഈ പ്രമേയത്തോട്ട ഞാൻ യോജിക്കുന്നു. മുന്നകൊല്ലത്തെ പബളിക്ക് സർവീസ് കമ്മീഷണരുടെ പ്രവത്തനം നിയമനവിഷയങ്ങളിൽ എങ്ങിനെയിരിക്കുന്നവെന്ന് താഴെ പറയുന്ന കണക്കുകളിൽ നിന്നും വിശദമാക്കാം. ഫ ഫ ഫ ഇ-ൽ ലോവർ ഡിവിഷനിൽ ആകെ ഉണ്ടായ നിയമനം ഇ ഒ ന ആണ്. അന്നത്തെ രുളിൻപ്രകാരം ഒ ഇ ന ൻ എന്ന കണക്കനുസരിച്ച് ൻൻ നിയമനങ്ങൾ ഇഴവക്കു കിട്ടേണ്ടതാണ്. കിട്ടിയതു, ൈ നിയമനങ്ങൾ മാത്രമാണെന്നു കാണുന്നു. വ്യക്തവും ഖണ്ഡിതവുമായ "കോട്ടാ" ഉണ്ടായിരുന്നിട്ടുപോലും ഇങ്ങിനെ സംഭവിച്ചിരിക്കുന്നതിൽനിന്നും ഒന്നുകിൽ ചട്ടമനുസരിച്ച ശരിയായി നിയമനങ്ങൾ നടത്തിയിട്ടില്ല. അല്ലെങ്കിൽ വേറെയെന്തെങ്കിലും കുഴപ്പങ്ങൾ വന്നിരിക്കണം എന്ന് ന്യായമായി ഊഹിക്കാവുന്നതാണ്.

മറെറാരു കാര്യംകൂടി എനിക്കു പബ്ളിക്ക് സർവീസ് കമ്മീഷണരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാഗ്രഹമുണ്ട്. ഇപ്പോൾ നിലവിലിരിക്കുന്ന നിയമപ്രകാരംതന്നെ ചില സമുദായങ്ങൾക്കു ചില സ്ഥലങ്ങളിലുള്ള ഉദ്യോഗങ്ങൾ കിട്ടുന്നില്ല. മുപ്പതും നാല്പതും ശതമാനമുള്ള സ്ഥാനങ്ങൾ ഒഴിവുവന്നാൽ വേക്കൻസി വരുത്തുന്നതു മിക്കവാറും ചുവട്ടിലായിരിക്കും. സർവീസിലിരിക്കുന്നവർക്ക് പ്രമോഷൻ കൊടുത്തു കൊടുത്ത് താഴെയുള്ള ഗ്രേഡുകളിൽ വേക്കൻസിവരുത്തുന്ന ഒരു നയമാണ് ഇന്നു കാണപ്പെടുന്നതു്. ഇങ്ങിനെ പ്രമോഷൻ കൊടുക്കുന്നവരും, ലഭിക്കുന്നവരും, അമിതപ്രാതിനിദ്ധ്യമുള്ള സമുദായങ്ങളിലെ അംഗങ്ങളായിരിക്കുമ്പോൾ മറുള്ളവർക്കു ന്യായമായ സംശയവും, സങ്കടവും, സ്വാഭാവികമായി ഉണ്ടാകാം. ഓരോ ആണ്ടിലും ഇന്നയിന്ന ഗ്രേഡിൽ ഇത്രയിത്ര ഒഴിവുകൾ വീതമുണ്ടാകും എന്നുള്ള ഒരു സാമാന്യകണക്കു് അതാതു വർഷം പരസ്യം ചെയ്യുകയും ഇതിൽ അസമതപ്രസമുദായങ്ങൾക്കുള്ള അവകാശങ്ങൾ എന്നിവ പരീക്ഷിച്ചുവെന്ന വർഷാവസാനം പരസ്യപ്പെടുത്തുകയും ചെയ്താൽ അസമതപ്രസമുദായങ്ങളുടെ സങ്കടം കുറെയൊക്കെ ശമിപ്പിക്കുന്നതാണ്. ഇപ്രകാരമുള്ള ലിസ്റുകൾ ഗവണ്മെൻറു അതാതു ഗസ്റ്റുകളിൽ പ്രസിദ്ധം ചെയ്യുന്നപക്ഷം ഓരോ സമുദായങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഏതുവിധത്തിൽ പുരോഗമിക്കുന്നു എന്നു അവരവർക്കുതന്നെ കാണുവാൻ കഴിയുന്നതാണ്. ഫിൻലന്റിലെ പബ്ലിക്ക് സർവീസ് റിക്രൂട്ടുമെന്റു കമ്മിറ്റി റിപ്പോർട്ടിന്റെ ഫ വ 0 പേജിൽ നോക്കിയാൽ പബ്ലിക്ക് സർവീസിൽ അന്നു ആകെ ഇരുപത്തഞ്ചു ഫ വ ചെറിയ ഉദ്യോഗങ്ങളും ഫ 0 0 രൂപായ്ക്കുമേൽ ശമ്പളമുള്ള ഫ വ വലിയ ഉദ്യോഗങ്ങളും ഉണ്ടായിരുന്നതായി കാണാം. അന്നുതന്നെ അവരുടെ ഇടയിൽ പ്രാതിനിദ്ധ്യക്കുറവിനെപ്പറ്റി വലിയ പരാതികൾ ഉണ്ടായിട്ടുള്ളതും അവരെ സംബന്ധിച്ചിടത്തോളം മതിയായ പരിഗണന ഉദ്യോഗദാനവിഷയത്തിൽ ഉണ്ടായിട്ടില്ലെന്നു അന്നത്തെ ഭരണാധികാരികൾ സമ്മതിച്ചിട്ടുള്ളതാണ്. ഇപ്പോഴത്തെ ദിവാൻപ്രസിഡൻറുതന്നെ ഇരുപത്തഞ്ചു മറ്റു ചില സമുദായങ്ങൾക്കു ശരിയായ പ്രാതിനിദ്ധ്യം ഉദ്യോഗവിഷയത്തിൽ ലഭിച്ചിട്ടില്ലെന്നു ഒന്നിലധികംപ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളതും, ആ പോരായ്മ നികത്തുവാൻ വേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തീട്ടുള്ളതും പരസ്യമാണല്ലോ. എന്നാൽ ഇപ്പോഴത്തെ നിലയെന്താണ്. ചെറിയ ഉദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ഇപ്പോഴത്തെ നില എന്താണെന്നു വ്യക്തമാക്കാൻ മതിയായ കണക്കുകൾ ഇല്ല. ഫ 0 0 രൂപക്കുമേൽ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ ഫ വ ഇരുപത്തഞ്ചുവർ മാത്രമാണുള്ളതു്. ഫിൻലന്റ്-ലും ഫ വ പേരാണുണ്ടായിരുന്നതു. ഇപ്പോഴും ഫ വ പേർ. ഫിൻലന്റ്-നുമുമ്പു് ഇതുസംബന്ധിച്ചു് ഇരുപത്തഞ്ചുവരും മറ്റും പരാതിപ്പെടുകയും ഒരു പബ്ലിക്ക് സർവീസ് റിക്രൂട്ടുമെന്റു കമ്മറിയെ നിയമിച്ചു് റിപ്പോർട്ടു വരുത്തുകയും ചെയ്തു. അതിനുശേഷവും അസമത്വങ്ങൾ അതേനിലയിൽതന്നെ നിലനിന്നു. അതിനുശേഷം വീണ്ടും പ്രക്ഷോഭണമുണ്ടായി. പ്രക്ഷോഭണത്തിനു ഗവണ്മെൻറു് അംഗീകരിച്ചു് പബ്ലിക്ക് സർവീസ് കമ്മീഷണറെ നിയമിച്ചു. എന്നിട്ടും ഫ വ പേർ മാത്രമാണു ഫ 0 0 രൂപായ്ക്കുമേൽ ഇരുപത്തഞ്ചുവരിലുള്ളതു്. ഈ നിലയ്ക്കു വ്യത്യാസം വന്നില്ലെങ്കിൽ പബ്ലിക്ക് സർവീസു കമ്മീഷണരുടെ നിയമനവും ഇന്നത്തെ പബ്ലിക്ക് സർവീസ് റൂളുകളും എല്ലാം ഇരുപത്തഞ്ചുവരേയും മറ്റും സംബന്ധിച്ചിടത്തോളം പ്രയോജനരഹിതമായിപ്പോകുമെന്നുള്ള കാര്യം തീർച്ചയാണ്.

പബ്ലിക്ക് സർവീസ് കമ്മീഷണർ നിയമിക്കുവാൻ അപ്പെടുസു ചെയ്യുന്ന ഇരുപത്തഞ്ചുവസ്ഥാനാർത്ഥികളും മറ്റും, തുടർച്ചയായ സർവീസു ലഭിക്കാതെ പുറത്തുപോരുന്നു. മറ്റുള്ളവർ തുടർച്ചയായ സർവീസു ലഭിച്ചു സർവീസിലിരിക്കുന്നു. ഇങ്ങിനെ സംഭവിക്കുന്നതു ഡിപ്പാർട്ടുമെൻറു മേലധ്യക്ഷന്മാരുടേയും, ആഫീസുമാനേജരന്മാരുടേയും മറ്റും വേക്കൻസി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

കൂടി സൃഷ്ടിക്കുവാൻ കഴിവുള്ള നിലകൊണ്ടു വരുന്നതാണ്. സർവീസ് കമ്മീഷണർ അഡ്വൈസുചെയ്ത ഈഴവസ്ഥാനാർത്ഥികളിൽ എത്രപേർ തുടർന്ന സർവീസിലിരിക്കുന്നുവെന്നും മറ്റുള്ളവരിൽ എത്രപേർ സർവീസിലിരിക്കുന്നുവെന്നും, രേഖകൾ വരുത്തിനോക്കിയാൽ ഈ വസ്തുത പകൽപോലെ തെളിയുന്നതാണ്. പബ്ലിക്ക് സർവിസ് സംബന്ധിച്ചു കൊടുക്കുവാനുള്ള നിർദ്ദേശങ്ങൾ സാമാന്യമായി ഇങ്ങിനെ സംഗ്രഹിക്കാം. (എ) ഗവണ്മെൻറു ക്ലിപ്തപ്പെടുത്തീട്ടുള്ള ഉദ്യോഗങ്ങൾ മിനിമം കപാളിഫിക്കേഷൻ മാനദണ്ഡമാക്കി ഓരോ സമുദായങ്ങൾക്കും കൊടുക്കുക. (ബി) ഉ ഉ രൂപായ്ക്കു മുകളിലും, ഉ ഠ രൂപായ്ക്കു താഴെയും വരുന്ന വേക്കൻസികൾ പ്രമോഷൻ കൊണ്ടുമാത്രം പൂർത്തിയാക്കാതിരിക്കുക, (സി) സർവീസ് കമ്മീഷണർ അഡ്വൈസു ചെയ്യുന്ന ആളുകൾക്കു തുടർച്ചയായി സർവീസു ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക. ചില സമുദായങ്ങൾക്കു തുടരുവാനും, ചില സമുദായങ്ങൾക്കു പിരിയുവാനും സൗകര്യമുണ്ടാകുന്ന മുറപാട്ടുകൾ മാറണം.

ഓരോ കൊല്ലത്തേയ്ക്കും സാമാന്യമായി വരാവുന്ന വേക്കൻസികളും, ആ കൊല്ലത്തിൽ നടത്തിയ നിയമനങ്ങളും വർഷാവസാനത്തിൽ ഒരുമിച്ചു പരസ്യം ചെയ്താൽ സംഗതികളിൽ പലതും വെളിച്ചത്തു വരുവാൻ ഇടയാകും. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ നിശ്ചയം പിൻതാങ്ങുന്നു.

MR. A. K. KUMARAN VAIDYAN : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഇതിനു മുൻപുണ്ടായിരുന്ന ഓരോ കമ്മിഷണറന്മാരും ചെയ്തതിൽനിന്നും വളരെ വ്യത്യാസമായ രീതിയിലാണ് ഇന്നത്തെ കമ്മിഷണർ ചെയ്യുന്നതു്. അദ്ദേഹത്തിന്റെ ഭരണകാലത്തു വളരെ അഴിമതികൾ ചെയ്യുന്നുണ്ടെന്നുള്ള ബോദ്ധ്യം എനിക്കില്ല, എല്ലാ സംഗതികളും നേരിട്ടുകണ്ടു ചെയ്യുന്നതു വിഷമമായിരിക്കും. പബ്ലിക്കുസർവീസ് ആഫീസിനകത്തുള്ള ക്ലാർക്കന്മാർ ചെയ്യുന്ന തകരാറുകൾ മാത്രമേ അദ്ദേഹത്തെ ബാധിക്കാറുള്ളൂ എന്നാണ് എനിക്കു തോന്നുന്നതു്. സാധാരണയായി പബ്ലിക്കുസർവീസ് ആഫീസിലെ മാനേജർ, സെക്രട്ടറി മുതലായവരാണ് ഇതു ചെയ്യുന്നതെന്നാണ് പുറമേനിന്നുമുള്ള അറിവു്. അവിടുത്തെ സെക്രട്ടറി ഇപ്പോൾ വന്നതുകൊണ്ടു് അദ്ദേഹത്തെ കുറിച്ചു് യാതൊരഭിപ്രായവും പറയുവാനുള്ള സമയം അതുക്കും ഉണ്ടായിട്ടില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഇതിനു മുൻപിരുന്ന പബ്ലിക്കുസർവീസ് കമ്മിഷണർ മി. നോസ്സിനു ഈ രാജ്യത്തെ ജാതിവിഭാഗത്തിനെപ്പറ്റിയുള്ള പരിജ്ഞാനംതന്നെ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോഴത്തെ പബ്ലിക്കുസർവീസ് കമ്മിഷണർ ഈ നാട്ടിൽത്തന്നെ ജനിച്ചുവളർന്ന

LIBRARY ARCHIVES Kerala Legislative Assembly

രൊളായിരുന്നിട്ടും "വട്ടക്കാട്". എന്ന ഒരു സമുദായത്തപ്പറ്റി ഇപ്പോഴും അദ്ദേഹത്തിനു അറിയാൻ നിവൃത്തിയില്ലാതിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. ഹിന്ദുസമുദായത്തിലെ ജാതിവിഭാഗത്തിന്റെ നില ഇതാണ്. അടുത്തകാലത്തു പബ്ളിക്കുസർവീസ് കമ്മിഷണർക്കു ഒരാൾ അപേക്ഷ ബോധിപ്പിച്ചപ്പോൾ ഒരു പിന്നോക്കസമുദായ ഹിന്ദു എന്നാണു കാണിച്ചിരുന്നതു്. അങ്ങനെയുള്ള തകരാറുകൾ നിത്യവും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. അവയെല്ലാം പബ്ളിക്കുസർവീസ് കമ്മിഷണരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട ചുമതല അതിനെക്കുറിച്ചു് ഉപദേശം കൊടുക്കുവാൻ ഏറ്റപ്പെട്ടതപ്പെട്ടിട്ടുള്ള കമ്മറിക്കുണ്ടെന്നാണു് എന്റെ വിശ്വാസം. കമ്മറിക്കാരോടു് എന്തെങ്കിലും ചോദിച്ചാൽ ഗവമ്മെൻറു് ആർഡറുണ്ടു് ഞങ്ങളുടെ ഉപദേശം ഒന്നും പബ്ളിക്കുസർവീസ് കമ്മിഷണർ സ്വീകരിക്കേണ്ട എന്നുള്ളതാണു് അവരുടെ മറുപടി. എന്നാൽ ഇദ്ദേഹത്തിന്റെ ഭരണത്തിനുശേഷം കുറേ കുറവു വന്നിട്ടുണ്ടു്. എങ്കിലും ഇന്നും അദ്ദേഹത്തിന്റെ കണ്ണുതെറ്റിച്ചു് നിയമനങ്ങളിൽ ഇപ്പോഴും ചില കഴപ്പുങ്ങൾ വരുത്തുന്നുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു. ഇവിടത്തെ സർവ്വവ്യാപിയായിരിക്കുന്ന ഒരു പ്രശ്നം ആണു് പബ്ളിക്കുസർവീസ്. അതിനെ ശരിയായ നിലയിൽ പാലിച്ചില്ലെങ്കിൽ ഇവിടെയുള്ള സമുദായങ്ങൾ തമ്മിലുള്ള രഞ്ജിപ്പുതന്നെ വളരെ കുറഞ്ഞുപോകുന്നതാണു്. ഓരോ സമുദായത്തിനും അവരവർ അർഹിക്കുന്ന പ്രാതിനിധ്യം കിട്ടിയാൽ മാത്രമേ അവർ തൃപ്തിപ്പെടുകയുള്ളൂ. ഫ ഠ ഈഴവരെ നിയമിക്കേണ്ടടത്തു ഒരുപക്ഷെ ഒൻപതൊ അല്ലെങ്കിൽ എട്ടോ ഈഴവരെ നിയമിച്ചാലും അവർ തൃപ്തിപ്പെട്ടുകൊള്ളും ഓരോ ഡിപ്പാർട്ടുമെൻറിന്റെയും ഹെഡ്യുക്ഷന്മാർ അവർ അറിഞ്ഞൊ അറിയാതെയോ ഒരു വലിയ അനീതി കാണിക്കുന്നുണ്ടു്. പബ്ളിക്കുസർവീസ് കമ്മിഷണരുടെ ശുപാർശപ്രകാരം ഷാർട്ട് വേക്കൻസിയിൽ നിയമിക്കപ്പെടുന്ന ആളുകളിൽ ചിലർക്കു ഇഷ്ടമുള്ള ആളുകളെ മറ്റുള്ളവരെക്കൊണ്ടു് അവധി എടുപ്പിച്ചോ മറേറതെങ്കിലും തരത്തിലോ തുടർച്ചയായി ആ ഡിപ്പാർട്ടുമെൻറിൽതന്നെ നിയമനം കൊടുക്കുകയും മറുചിലരെ പുറംതള്ളുകയും ചെയ്യുന്ന നയം എടുത്തുവരുന്നതായി കാണുന്നു. ഇതു നിമിത്തം പിന്നോക്കസമുദായങ്ങൾക്കു വളരെ ദുഷ്യങ്ങൾ ഉണ്ടാകുന്നുണ്ടു്. പബ്ളിക്കുസർവീസ് കമ്മിഷണരും ഗവമ്മെൻറും എത്രമാൽ ബദ്ധശ്രദ്ധരായിരുന്നിട്ടും ഈമാതിരി സംഗതികൾ ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതു് മമ്മദഭദകമാകുന്നു. അതുകൊണ്ടു് ഇങ്ങനെയുള്ള അഴിമതികൾ ഇല്ലാതാക്കി അസമതപസമുദായങ്ങളെ അനുഗ്രഹിക്കണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : സർ, ഈ പ്രമേയത്തെസംബന്ധിച്ച് ചിലതു പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പബ്ലിക്കുസർവ്വീസ് കമ്മിഷണർ അദ്ദേഹത്തിന്റെ ജോലി കഴിയുന്നതു ത്വരിതഗതിയിൽ നടത്താൻ ആഗ്രഹിക്കുന്നുണ്ടെന്നു എനിക്കറിയാം. എന്നാൽ ഒരു സംഗതി ഈ അവസരത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്നു. ഏറ്റവും കുഴപ്പമേറിയ ഒരു പ്രശ്നമാണ് ഉദ്യോഗനിയമനം എന്നുള്ളതു്. എല്ലാ സമുദായങ്ങൾക്കും വീതിച്ചു കൊടുക്കുന്നതിനു അതേ അവസരത്തിൽ കാര്യക്ഷമത പാലിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയുണ്ടാക്കിയ ചട്ടം വായിച്ചു പഠിക്കണമെങ്കിൽതന്നെ വളരെ പ്രയാസപ്പെടേണ്ടിവരും. വലിയ നിയമപണ്ഡിതന്മാർക്കോ അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജിമാർക്കോ മനസ്സിലാക്കത്തക്ക ഭാഷയിലാണ് അതിന്റെ നിയമങ്ങളെല്ലാം രചിച്ചിട്ടുള്ളതു്. മി. നോക്സ് കഴിഞ്ഞു മി. എച്ച്. പി. വാറൻ പബ്ലിക്കുസർവീസ കമ്മിഷണറായതോടുകൂടിയാണ് ഞങ്ങളിൽ ചിലർക്കു അഡ്വൈസറി കമ്മിറ്റി അംഗങ്ങളാകാൻ സാധിച്ചതു്. അദ്ദേഹം ഈ ചട്ടങ്ങളെല്ലാം നല്ലവണ്ണം പഠിച്ചിട്ടു ജനങ്ങൾക്കും മറ്റുള്ളവർക്കും ലഘുവായ രീതിയിൽ മനസ്സിലാകത്തക്കവണ്ണം ഈ ചട്ടങ്ങളെ ഭേദഗതിചെയ്യണമെന്നും ഇതിന്റെ പ്രവർത്തനങ്ങൾ ലഘുതരമാക്കണമെന്നും നിശ്ചയിച്ചു ചില നിർദ്ദേശങ്ങളും ചെയ്തിട്ടുണ്ടായിരുന്നു. എന്നുമാത്രമല്ല, എല്ലാ സമുദായങ്ങളോടും നീതി പ്രവർത്തിക്കത്തക്ക നിലയിൽ നിയമനകാര്യങ്ങളിൽത്തന്നെ ചില പരിഷ്കാരങ്ങൾ വരുത്തണമെന്നും അദ്ദേഹത്തിനു ഉദ്ദേശമുണ്ടായിരുന്നു. എന്നാൽ ആവക ഉദ്ദേശങ്ങളൊന്നുംതന്നെ സാധിക്കുന്നതിനുമുൻപായി ആ സ്ഥാനത്തുനിന്നു അദ്ദേഹത്തെ മാറുകയാണു ചെയ്തതു്. അതിനുശേഷമാണ് ഇന്നത്തെ കമ്മിഷണർ മി. ലക്ഷ്മണൻപിള്ള വന്നതു്. അദ്ദേഹം മി. വാറനെപ്പോലെതന്നെ വളരെ ജാഗ്രതയോടുകൂടി ഈ ചട്ടങ്ങളെല്ലാം പഠിക്കുകയും ശരിയായ വിധത്തിൽ അതു നടപ്പിൽവരുത്തുന്നതിനുവേണ്ടി പല നിർദ്ദേശങ്ങളും നൽകുകയും ചെയ്തു. എന്നാൽ എന്തെങ്കിലും പ്രവർത്തിക്കണമെന്നു വന്നപ്പോൾ ഈ സ്ഥാനത്തുനിന്നും അദ്ദേഹത്തിനും മാറേണ്ടതായിട്ടുണ്ടു വന്നതു്. ഇങ്ങനെ പബ്ലിക്കുസർവീസ കമ്മിഷണർമാർ ദിവസംപ്രതി മാറുകയാണെങ്കിൽ അഡ്വൈസറികമ്മിറ്റി എന്നുവേണ്ടാ മറ്റേതു കമ്മിറ്റിയായാലും എത്ര ഉപദേശംകൊടുത്താലും സംഗതികളൊന്നും ശരിയായവിധത്തിൽ നടക്കുകയില്ലെന്നുള്ളതു് തീർച്ചയാണ്. അതുകൊണ്ടു് ഈ സ്ഥാനത്തു് ആരെയെങ്കിലും നിയമിക്കുന്നപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ക്ഷം ആ സ്ഥാനത്തിരുന്നുകൊണ്ടു ആ ആശം ഉദ്ദേശിക്കുന്ന പദ്ധതികശം നിർവ്വഹിച്ചു ഫലപ്പെടുത്തുന്നതിനുള്ള സന്ദർഭം അദ്ദേഹത്തിനു കൊടുക്കണമെന്നാണ് എനിക്കു ആദ്യമായി പറയുവാനുള്ളതു്. അങ്ങിനെ ചെയ്തില്ലെങ്കിൽ അതുനിമിത്തം പല വിഷമതകളും ഉണ്ടാകും. മെമ്പറന്മാർ മൂണ്ടിക്കാണിച്ച പല ന്യൂനതകളും അവസ്സാ പരിഹാരം ഉണ്ടാക്കുന്നതിനുള്ള പല നിർദ്ദേശങ്ങളും പല മെമ്പറന്മാരും അസ്സെസറിക്കമ്മിറിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഏറ്റവും അടിത്തട്ടിലുള്ള ഉദ്യോഗങ്ങശംമാത്രം പോരാ അതിന്റെ മുകളിലുള്ള ഉദ്യോഗങ്ങശംക്കുടി അസമതലസമുദായങ്ങശംക്കു ലഭിക്കണമെന്നുള്ള അഭിപ്രായമുണ്ടായതിനെ സരിച്ചു ൪൦ മുതൽ ൬൦ വരെ സ്കെയിലിലുള്ള ഒഴിവുകളിൽ നേർപകുതി പ്രമോഷനും നേർപകുതി ഡയറക്ട് റിക്രൂട്ടുമെൻറും ആയി നടത്തണമെന്നുള്ള ഒരു വ്യവസ്ഥ നടപ്പിലാക്കണമെന്നു അസ്സെസറിക്കമ്മിറിയിൽ പാസാക്കി. ഇങ്ങനെ പ്രയോജനകരമായ പല നിർദ്ദേശങ്ങളും അസ്സെസറിക്കമ്മിറിറി നശംകിയിട്ടുണ്ടു്. എന്നാൽ അതു കഴിയുന്നതുംവേഗത്തിൽ നടപ്പിൽവരുത്തണമെന്നുള്ള ഒരു അഭ്യർത്ഥന ഗവണ്മെൻറിനുള്ളതായി കാണുന്നില്ല. അസ്സെസറിക്കമ്മിറിയിൽനിന്നും നശംകിയിട്ടുള്ള നിർദ്ദേശങ്ങശം നടപ്പിൽവരുത്തുന്നതായാൽ ഇപ്പോശം ഇവിടെ മെമ്പറന്മാർ പറഞ്ഞ പല ന്യൂനതകളും പരിഹരിക്കപ്പെട്ടുമന്നും അസമതലസമുദായങ്ങശംക്കു പബ്ലിക്കസർവ്വീസിൽ കൂടുതൽ പ്രാതിനിധ്യം കിട്ടുമെന്നും അവരുടെ അവകാശങ്ങശം മറുതരത്തിൽ അവഗണിക്കപ്പെടാതിരിക്കുമെന്നുമാണു് എന്റെ വിശ്വാസം. ഇതിനു പബ്ലിക്കസർവ്വീസ് കമ്മീഷണർ മാത്രമല്ലാ ഗവണ്മെൻറും ഉടനടിമനസ്സുവയ്ക്കേണ്ടതാണു്.

മി. കെ. ആർ. നാരായണൻ പറഞ്ഞതുപോലെ ഒരു ന്യൂനത ഇന്നത്തെ പബ്ലിക്കുസർവീസ് കമ്മിഷണരുടെ പ്രവർത്തനത്തിൽ ഉണ്ടെന്നു ഞാനും സമ്മതിക്കുന്നു. പബ്ലിക്കുസർവീസ് കമ്മിഷണർ സ്പർശം ചെയ്യുന്ന ആളുകശം പല ഡിപ്പാർട്ടുമെൻറുകളിലായിട്ടാണല്ലൊ നിയമിക്കുന്നതു. ആ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്റെ ദയവുള്ള ആളുകശംക്കു അവിടെ എത്രനാശം വേണമെങ്കിലും ജോലി തുടർന്നുകൊണ്ടുപോകാൻ സാധിക്കും. ദയവില്ലാത്തവർ ഉടനെ പിരിഞ്ഞുപോകേണ്ടതായും വരും. അതുപോലെതന്നെ ഇക്കാരണംകൊണ്ടും മറു ചില കാരണങ്ങശംകൊണ്ടും ചില ഡിപ്പാർട്ടുമെൻറിൽ ചില സമുദായങ്ങശംക്കു അധികമായ പ്രാതിനിധ്യമുണ്ടാകുകയും മറു ചില സമുദായങ്ങശംക്കു പ്രാതിനിധ്യം വളരെ കുറവായിരിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ടു്. ഏതെങ്കിലും ഒരു ഡിപ്പാർട്ട

LIBRARY ARCHIVES Kerala Legislative Assembly

മെൻറിൽ കുറച്ചുനികരം കുറവെന്ന കണ്ടാൽ മി. കുഞ്ഞിത്തൊമ്മന് മനഃസ്ഥാപമുണ്ട്. അയുപോലെ മുസ്ലിങ്ങൾ കുറവെന്ന കണ്ടാൽ എനിക്കും സങ്കടമുണ്ട്. ഇയ്യ് സ്വഭാവികമായിട്ടുണ്ടാകാവുന്നതാണ്. ഇതിനു ഒരു നിർദ്ദേശം ഞങ്ങൾ പബ്ലിക്കുസർവ്വീസ് കമ്മിഷണർക്ക് കൊടുത്തിരുന്നു. ഓരോ ഡിപ്പാർട്ടുമെൻറിലും ഇന്നുള്ള ഒഴിവുകളുടെ ഒരു പട്ടിക ഉടനടി അവശ്യപ്പെടുക, അതിനുശേഷം ഡിപ്പാർട്ടുമെൻറുകൾ ഏതാനും ഗ്രൂപ്പുകളായി തിരിക്കുക, ആ ഗ്രൂപ്പുകളിൽ നിന്നായൊട്ടേഷനെ മുൻനിറുത്തി ഉദ്യോഗനിയമനലിസ്റ്റ് ശരിപ്പെടുത്തുക, ആ ലിസ്റ്റ് അനുസരിച്ച് ഉദ്യോഗം വിതരണംചെയ്യപ്പെടുക, ഇങ്ങിനെ ചെയ്യുമെങ്കിൽ ഈ പരാതിക്കും ശമനമുണ്ടാകുമെന്നാണ് എൻറെ വിശ്വാസം. അക്കിംഗ് നിയമനങ്ങൾ മിക്കവാറും ഡിപ്പാർട്ടുമെൻറുമേധാവി അറിയാതെതന്നെയാണ് നടക്കുന്നത്. അതുകൊണ്ടും ഒരാൾ അവധിയെടുത്താൽ അതിനോടുകൂടി പകരം നിയമിക്കപ്പെടേണ്ട ആളിൻറെ ഒരു അപേക്ഷയും കാണും. അവധി അനുവദിക്കുവും നിയമനവും മിക്കവാറും ഒരുമിച്ചു തന്നെ നടക്കും.

MR. K. P. KOCHUKORA THARAKAN : പബ്ലിക്കുസർവ്വീസ് കമ്മിഷണർ ചെയ്യുന്ന ശുപാർശയനുസരിച്ചുതന്നെ നിയമനം നടത്താറുണ്ടോ?

MR. P. S. MUHAMED : അതിനെപ്പറ്റിയാണ് ഞാൻ ഇപ്പോൾ പറഞ്ഞത്. പബ്ലിക്കുസർവ്വീസ് കമ്മിഷണരുടെ ശുപാർശപ്രകാരമായുമേ നിയമനങ്ങൾ നടത്താവൂ. ഞാൻ മുൻപു പറഞ്ഞതുപോലെ ഗ്രൂപ്പ് ഗ്രൂപ്പായി തിരിച്ചു തയാറാക്കുന്ന ലിസ്റ്റ് എല്ലാ ഡിപ്പാർട്ടുമെൻറിലും സൂക്ഷിക്കണം. ഷാർട്ടുവേക്കൻസികൾ, വരുമ്പോൾ ഈ ലിസ്റ്റവൻപ്രകാരമുള്ള ആളുകളെത്തന്നെ അവർ നിയമിക്കണം. ഇങ്ങിനെ ചെയ്താൽ എല്ലാ സമുദായക്കാരേയും തൃപ്തിപ്പെടുത്തുവാൻ കഴിയും. അതിൻറെ പക്ഷപാതം കാണിച്ചു എന്നു പറയുവാൻ സാധിക്കുകയില്ല. ഇന്നത്തെ പബ്ലിക്കുസർവ്വീസുകമ്മിഷണരുടെ ശ്രദ്ധയിൽ ഈ കാര്യങ്ങളെല്ലാം പെട്ടിട്ടുണ്ടെന്നു എനിക്കറിയാം. അദ്ദേഹം ഈ സ്ഥാനത്തുനിന്നു പോകുകയാണെങ്കിൽത്തന്നെയും അദ്ദേഹം ഗ്രഹിച്ചിടത്തോളം സംഗതികൾ റിക്കാർഡുചെയ്തുവച്ചു പോകണമെന്നാണ് എനിക്കു അദ്ദേഹത്തോടു പറയാനുള്ളത്.

MR. K. P. KOCHUKORA THARAKAN : അതായതു വേക്കൻസികൾ വരുമ്പോൾ ഇന്നയിന്ന സമുദായക്കാരെ നിയമിച്ചുകൊള്ളണമെന്നു പബ്ലിക്കുസർവ്വീസുകമ്മിഷണർ നിർദ്ദേശിക്കുകയാണോ പതിവു?

MR. P. S. MUHAMED : അല്ല. സാമുദായികമുറയനുസരിച്ചു അദ്ദേഹം ശുപാർശചെയ്യും

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA THARAKAN : അദ്ദേഹം പറയുന്ന ഗ്രൂപ്പാർശ പ്രകാരം ഏതേത സമുദായങ്ങൾക്ക ഉദ്യോഗങ്ങൾ കിട്ടിയെന്ന അറിയാൻ സറികമ്മിറ്റിക്ക അറിയാൻ സാധിക്കുകയില്ലയൊ?

MR. P. S. MUHAMED : നിയമനം നടത്തിക്കഴിഞ്ഞാൽ അറിയാൻ കഴിയും. ഞങ്ങൾക്ക കിട്ടുന്ന ലിസ്റ്റിന നിയമനങ്ങളുടെ ലിസ്റ്റാണ്. ആ ലിസ്റ്റിൻപ്രകാരം ഏതു സമുദായത്തിനു നിയമനങ്ങൾ കിട്ടിയിട്ടില്ല എന്നു പരിശോധിക്കുന്നതിനും എന്തുകൊണ്ടു ആ ആളിനു നിയമനം കിട്ടിട്ടിയില്ല എന്നു ചോദിക്കുന്നതിനും കഴിയുമെങ്കിൽ വല്ല ന്യൂനതകളും വന്നിട്ടുണ്ടെങ്കിൽ അവയെ മൂണ്ടിക്കാണിക്കുന്നതിനും മേലാവെങ്കിലും ഇത്തരം ന്യൂനതകൾ വരുത്തരുതെന്നു ഉപദേശിക്കുന്നതിനും ഞങ്ങൾക്ക സാധിക്കും.

MR. K. P. KOCHUKORA THARAKAN : ഇന്നയിന്ന സമുദായങ്ങളെ നിയമിക്കണമെന്നു ഉപദേശിക്കുവാനുള്ള അധികാരം നിങ്ങൾക്കില്ലെന്നാണോ പറയുന്നതു?

MR. P. S. MUHAMED : എന്നു ഞാൻ പറയുന്നില്ല. പക്ഷെ, ഓരോ സമുദായത്തിനും ഇത്രയിത്ര ഉദ്യോഗങ്ങൾ കൊടുക്കണമെന്നു പറയുവാൻ ഞങ്ങൾക്ക തടസ്സം ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഇങ്ങനെ ഞങ്ങൾ ഉപദേശിക്കുന്നതുകൊണ്ടാണോ കൂടുതൽ പ്രയോജനമുള്ളതു, അതോ, ഞാൻ പറഞ്ഞതരത്തിൽ ഗ്രൂപ്പായിട്ട വരുന്ന ലിസ്റ്റനുസരിക്കുന്നതുകൊണ്ടാണോ എന്നുള്ളതു പബ്ലിക്സർവീസ് കമ്മീഷണരുടെ അഭിപ്രായത്തെ ആശ്രയിച്ചാണിരിക്കുന്നതു.

MR. K. P. KOCHUKORA THARAKAN : മുന്നുമാസത്തിലൊരിക്കലാണല്ലൊ അണ്ടർസെക്രട്ടറി കമ്മിറ്റി കൂടുന്നതു. ആ സമയത്തു ഈ മൂന്നു മാസക്കാലങ്ങൾക്കുള്ളിൽ ഓരോ സമുദായത്തിനും എത്രയെത്ര ഉദ്യോഗങ്ങൾ കിട്ടിയെന്ന നിങ്ങൾക്ക അറിയുവാൻ കഴിയുമൊ?

MR. P. S. MUHAMED : പബ്ലിക്സർവീസ് കമ്മീഷണർക്കു തന്നെ അതു ശരിയായി അറിയാൻ കഴിഞ്ഞിട്ടുണ്ടൊ എന്നു സംശയമാണ്. പ്രത്യേകമായ ചില നിയമനങ്ങൾ നടത്തുണ്ടിവരുന്ന ചില സമയത്താണ് അദ്ദേഹത്തിനുതന്നെ ഈ വിവരം കിട്ടുന്നതു. ഡിപ്പാർട്ടുമെന്റിൽനിന്നും ഇന്നയിന്ന ഴിവുകളിലേക്ക ആളുകളെ ഗ്രൂപ്പാർശചെയ്യണമെന്നു അദ്ദേഹത്തോടു ആവശ്യപ്പെടുമ്പോഴാണ് അദ്ദേഹം സാധാരണയായി ഈ വിവരം അറിയുന്നതു.

MR. K. R. NARAYANAN : ഉണ്ടാകുന്ന വേക്കൻസികളെന്തെന്നു ഡിപ്പാർട്ടുമെന്റധ്യക്ഷന്മാർ പബ്ലിക്സർവീസ് കമ്മീഷണർക്ക എഴുതി അയക്കുന്നില്ലെന്ന മെയ്ക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : അങ്ങനെ ഒരു പരാതി ഉണ്ടെന്ന കേട്ടിട്ടുണ്ട്. കീഴിലുള്ള ആളുകളെ മുകളിലേക്കു പ്രമോട്ടുചെയ്യുന്നതിനുള്ള ആഗ്രഹം കൊണ്ടു് വേക്കൻസികൾ സാധാരണ അറിയിക്കാറില്ലെന്ന ഞാൻ കേട്ടിട്ടുണ്ടു്.

MR. K. R. NARAYANAN : അത്തരത്തിൽ ചില പരാതികൾ ചിലർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന മെമ്പർക്കറിയാമോ?

MR. P. S. MUHAMED : എന്നോടു നേരിട്ടു് ആരും പരാതിപ്പെട്ടിട്ടില്ല. എന്നാൽ ചിലർക്കു അങ്ങനെ ഒരു പരാതിയുള്ളതായി എനിക്കറിയാം?

MR. K. P. KOCHUKORA THARAKAN : പബ്ലിക്കുസർവീസുകമ്മീഷണർ കാരോ ഡിപ്പാർട്ടുമെൻറിലും ഉണ്ടാകുന്ന വേക്കൻസികൾ അപ്പോഴത്തെ അപ്പോഴപ്പോൾ അറിയിക്കണമെന്ന ആവശ്യപ്പെട്ടിട്ടുണ്ടോ?

MR. P. S. MUHAMED : ഉണ്ടു്.

MR. K. P. KOCHUKORA THARAKAN : അതനുസരിച്ചു് ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർ അതു് എഴുതി അയക്കാറുണ്ടോ?

MR. P. S. MUHAMED : ഉണ്ടെന്നാണു് എൻെറ വിശ്വാസം. എന്നാൽ അങ്ങനെ ചെയ്യാറില്ലെന്ന ചിലർ പരാതി പറയുന്നുണ്ടു്.

MR. M. R. NARAYANAN PILLAI : അഡ്വൈസറി കമ്മറ്റി കൊടുക്കുന്ന ഉപദേശം പബ്ലിക്കുസർവീസ് കമ്മീഷണർ സ്വീകരിക്കാതിരുന്നാൽ അതിനു വല്ല പ്രതിവിധിയുമുണ്ടോ.

MR. P. S. MUHAMED : അപ്പോൾ കമ്മിറ്റിയിൽനിന്നും മെമ്പറന്മാർ രാജിവച്ചു് പോരും.

MR. KAVIYOUR K. K. KOCHUKUNJU : സർ, ഞാൻ ഈ പ്രമേയത്തോടു് ഹാർദ്ദവമായി അനുകൂലിക്കുന്നു. ഇപ്രകാരം ഞാൻ ഈ പ്രമേയത്തോടു് അനുകൂലിക്കുന്നതു് ഒരു പ്രത്യേക സംഗതി ബഹുമാനപ്പെട്ട ഗവണ്മെൻറിൻേറയും നീതിജ്ഞനായ പബ്ലിക്കു് സർവീസു് കമ്മീഷണർ അവർകളുടെയും സവിശേഷമായ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു മാത്രമാണു്. ഏകദേശം എട്ടുലക്ഷത്തോളം വരുന്ന മറു് ഹിന്ദുവിഭാഗത്തിനു നിലവിലിരിക്കുന്ന നിയമപ്രകാരം രണ്ടുദ്യോഗങ്ങൾ മാത്രമാണെല്ലോ. ഈ രണ്ടുദ്യോഗങ്ങൾതന്നെ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതും മറു ഹിന്ദുവിഭാഗത്തിൽ ഉൾക്കൊള്ളുന്ന ഏതെല്ലാം സമുദായങ്ങൾക്കാണെന്നറിയുവാൻ യാതൊരു കഴിവും ഇല്ലാതെയാണിരിക്കുന്നതു്. ഇതറിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നതും ഒരു ന്യായവും ആണെല്ലോ. പബ്ലിക്കു് സർവീസിൽ പ്രവേശിക്കുന്നതിനു് ആഗ്രഹിച്ചുകൊണ്ടു് മറു ഹിന്ദു

LIBRARY ARCHIVES Kerala Legislative Assembly

